LIBRARY ARCHIVES Kerala Legislative Assembly

ആർ.സി.സി.-ക്ക് അനുവദിച്ച തുക

21 (2295) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2006 വരെ ആർ.സി.സി-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്ത് തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) 2006-2011- കാലത്ത് ആർ.സി.സി-യ്ക്ക് എന്ത് തുകയാണ് നൽകിയതെന്നും, അത് എന്തെല്ലാം പ്രവർത്തികൾക്കായിരുന്നെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.സി.സി യ്ക്കായി ഇതിനകം എന്ത് തുക ഏതെല്ലാം പദ്ധതിയ്ക്കായി നൽകിയെന്നും ആയതിന്റെ ഇതുവരെയുള്ള വിനിയോഗവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) വിശദവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു*.

ആർ.സി.സി.-യിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ്

22 (2296) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ആദ്യത്തെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ് ആർ.സി.സി. യിൽ സ്ഥാപിച്ചത് എന്നായിരുന്നു; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ചികിത്സയ്ക്കായി എത്ര തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ആദ്യത്തെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ് ആർ.സി.സി.യിൽ സ്ഥാപിച്ചത് ഒക്ടോബർ 2007-ൽ ആയിരുന്നു. ഇതിനായി സർക്കാർ അനുവദിച്ച രണ്ടുകോടി രൂപ പൂർണ്ണമായും ചെലവഴിച്ചു

എൻ.ആർ.എച്ച്.എം. വിഹിതം

23 (2297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ആർ.എച്ച്.എം വിഹിതമായി കേരളത്തിന് എത്ര കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്; ആയതിന്റെ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലായാണ് പ്രസ്തുത പണം വിനിയോഗം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ.ആർ.എച്ച്.എം -ൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; തസ്തികകളുടെ വിശദവിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ നടത്തിയ രീതിയും ജീവനക്കാരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളും വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 നവംബർ മാസം വരെ ലഭിച്ച തുക താഴെ ചേർക്കുന്നു:

വർഷം	കേന്ദ്രവിഹിതം ലഭിച്ച തുക (രൂപ കോടിയിൽ)
2011-12	599.87
2012-13	504.05
2013-14	359.2
2014-15	520
2015-16	161.98

LIBRARY ARCHIVES Kerala Legislative Assembly